ഉത്തരം

1. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ഗ്രാന്റ് നൽകുന്ന പദ്ധതി.

2. ഓവർസീസ് സ്കോളർഷിപ്പ്

വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടിയ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

ടൂറിസ്റ്റ് ഗൈഡുകളെ നിയമിക്കുന്നതിന് നടപടി

240 (6945) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇടുക്കി-വയനാട് ജില്ലകളിലെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ടൂറിസ്റ്റ് ഗൈഡുകളെ ടൂറിസം വകുപ്പ് നിയമിക്കുന്നില്ല. എന്നാൽ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡ് ട്രെയിനിംഗ് നേടിയ ആളുകൾ ഫ്രീ ലാൻസ് ആയി ജോലി ചെയ്തുവരുന്നു.

(ബി) ഇടുക്കി-വയനാട് ജില്ലകളിലെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

സാമൂഹിക ടൂറിസം

241 (6946) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക ടൂറിസത്തിന് പ്രചാരണം നൽകുന്നതിന് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ടൂറിസം വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹിക ടൂറിസത്തിന്റെ പ്രചാരണാർത്ഥം ടൂറിസം സീസണിൽ 'ഉത്സവം' എന്ന പരിപാടി കഴിഞ്ഞ ആറ് വർഷങ്ങളായി സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലകളുടെ സംരക്ഷണവും പ്രചാരണവുമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) 'ഉത്സവം' പരിപാടി എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിനാൽ വിനോദസഞ്ചാരികൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളെ അടുത്തറിയാനും കലാകാരന്മാരെ പരിചയപ്പെടാനും കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു. ടൂറിസം സാധ്യതകളുടെ വികസനത്തിന് ഇത് ഏറെ സഹായകരമാകുന്നു.

(ഡി) ഈ പരിപാടികളുടെ സംഘാടനത്തിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത നാടോടി അനുഷ്ഠാനകലകൾ അതാതു മേഖലകളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി അവതരിപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളാ ഫോക്‌ലോർ അക്കാദമിയുമായി സഹകരിച്ച് ഉത്സവത്തിലേക്ക് കലാരൂപങ്ങളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സോഷ്യൽ ടൂറിസം പദ്ധതി

242 (6947) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം കലകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിനോദസഞ്ചാര വകുപ്പ് സാമൂഹിക ടൂറിസപ്രചാരണാർത്ഥം ടൂറിസം സീസണിൽ 'ഉത്സവം' എന്ന പരിപാടി കഴിഞ്ഞ ആറ് വർഷങ്ങളായി സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly